# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T 2044 – 11/03/2020 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ ലോണിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ചോദ്യം

ശ്രീ.സജി ചെറിയാൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ ലോണിന്റെ പലിശയും പിഴപ്പലിശയും ഒഴിവാക്കി വിദ്യാർത്ഥികൾക്ക് സഹായകരമായ രീതിയിൽ സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ എത്ര വിദ്യാർത്ഥികൾക്കാണ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ഇ.എൽ.ആർ.എസ് പദ്ധതിപ്രകാരം വായ്പകളെ മൂന്ന വിഭാഗങ്ങളായി തിരിച്ചാണ് ആനുകൂല്യം നൽകുന്നത്<br>1. സ്റ്റാൻഡേർഡ് വിഭാഗം (01.04.2012 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് മുടങ്ങിയതും 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയാകാത്തതുമായ വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ.)<br>2. എൻ.പി.എ വിഭാഗം (31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും 31.03.2016 ന് നിഷ്ക്രിയ ആസ്തിയായി തുടർന്നിരുന്നതുമായ വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ.)<br>3. മരിച്ചുപോയതോ 80 ശതമാനത്തിലധികം വൈകല്യങ്ങൾ സംഭവിച്ചവരോ ആയ വിഭാഗം.<br><br>ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ അല്ലെങ്കിൽ റൈഗലറൈസേഷൻ ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്. ആകെ 19,901 പേർക്ക് ഈ പദ്ധതിപ്രകാരം ഇതുവരെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ വിഭാഗത്തിലും ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ചുവടെ കൊടുക്കുന്നു. |

| | | |
|---|---|---|
| 1 | സ്റ്റാൻഡേർഡ് വിഭാഗം | 10552 |
| 2 | എൻ.പി.എ വിഭാഗം<br>1. ഒറ്റത്തവണ തീർപ്പാക്കൽ | 9054 |

| | | |
|---|---|---|
| | | <table><tr><td></td><td>2.റെഗുലറൈസേഷൻ</td><td>197</td></tr><tr><td>3</td><td>മരിച്ച പോയതോ 80 ശതമാനത്തിലധികം വൈകല്യങ്ങൾ സംഭവിച്ചവരോ ആയ വിഭാഗം</td><td>98</td></tr></table> |
| (ബി) | ഈ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ബാങ്കുകളും സഹകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിരിയ്ക്കുന്നത് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ കൂടി സഹകരണത്താലാണ്. സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ കീഴിൽ വരുന്ന ഏറെക്കുറെ എല്ലാ കൊമേഴ്സ്യൽ ബാങ്കുകളും, കേരള ഗ്രാമീൺ ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, KSCARD ബാങ്ക് എന്നിവയുമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**